**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ.സന്തോഷ്.കെ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ടി.പി. വേണുഗോപാൽ എന്നിവരെ സേവനത്തിൽ പുന:പ്രവേശിപ്പിച്ച് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (ഇകെഎം) 449/2019-ന്മേലുള്ള 14.03.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം. 1914 /2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 03/09/2019

================================================================================

പരാമർശം: 1. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 15 .02..2019 -ൽ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച ഇ 1 -2472 /2019 നമ്പർ കത്ത്

2.. പഞ്ചായത്ത് ഡയറക്ടറുടെ 05.03.2019-ലെ PAN/2429/2019-D10(DP) നമ്പർ നടപടിക്രമങ്ങൾ

3. ശ്രീ. സന്തോഷ് കെ. സമർപ്പിച്ച 08.03.2019-ലെ നിവേദനം (അനക്ഷർ എ 3)

4. ശ്രീ. ടി.പി. വേണുഗോപാലിന്റെ 08.03.2019-ലെ നിവേദനം (അനക്ഷർ എ 4)

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. (ഇകെഎം) 449/2019-ന്മേലുള്ള 14.03.2019-ലെ വിധിന്യായം

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. സന്തോഷ് കെ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി.പി. വേണുഗോപാൽ എന്നിവർ പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തെ മോശമായി ബാധിക്കുന്ന തരത്തിലും ജീവനക്കാർക്ക് മാനസികമായി അസ്വസ്ഥത ഉണ്ടാക്കുന്ന തരത്തിലുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുവെന്ന് വടകരപ്പതി ഗ്രാമപഞ്ചായത്തിലെ വനിതാ ജീവനക്കാർ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ നേരിൽ ഹാജരായി പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ വനിതകളുടെ അന്തസ്സിനെ ബാധിക്കുന്ന ഗുരുതരമായ ആരോപണങ്ങൾ നേരിട്ട് ബോധിപ്പിച്ച സാഹചര്യത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും അസിസ്റ്റന്റ് സെക്രട്ടറിക്കുമെതിരെ അടിയന്തരമായി അച്ചടക്കനടപടി സ്വീകരിക്കണമെന്ന് പരാമർശം (1 )പ്രകാരം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ശ്രീ. സന്തോഷ് കെ, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി.പി. വേണുഗോപാൽ എന്നിവരെ അച്ചടക്കനടപടികൾക്ക് വിധേയമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

പഞ്ചായത്ത് ഡയറക്ടറുടെ മേൽ ഉത്തരവിനെതിരെ ശ്രീ. സന്തോഷ് കെ, ശ്രീ. ടി.പി. വേണുഗോപാൽ എന്നിവർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 449/2019-ന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഉത്തരവ് ലഭിച്ച് 2 മാസത്തിനുള്ളിൽ പരാതിക്കാരെ നേരിൽ കേട്ട്പരാമർശം (3),(4) അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സന്തോഷ് കെ. , മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി. പി. വേണുഗോപാൽ എന്നിവരെ 30.05.2019-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ക്യാബിനിൽ വച്ചിട്ടുള്ളതും, ഓഫീസിലെ പൊതുവായ പഴയ രേഖകൾ സൂക്ഷിക്കുന്നതുമായ പൂട്ടില്ലാത്ത രണ്ട് അലമാരകൾ ഉള്ളതായും അതിൽ ഗർഭനിരോധന ഉറയുടെ രണ്ട് പാക്കറ്റുകൾ കണ്ടെത്തിയെന്നും ഇത് 24.01.2019-ൽ ഓഫീസിൽ നിന്നും ഇറങ്ങിയ പഞ്ചായത്ത് സെക്രട്ടറിയെ സിനിയർ ക്ലാർക്ക് ശ്രീ. രഞ്ജിത്ത് തിരികെ വിളിച്ചുവരുത്തി കാണിക്കുകയാണുണ്ടായതെന്നും അറിയിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ ക്യാബിൻ പൂട്ടാറില്ലെന്ന് ഹിയറിംഗ് വേളയിൽ സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്. ഇത്തരം ഒരു പ്രവൃത്തി സംബന്ധിച്ച് തനിക്ക് യാതൊരു അറിവുമില്ലെന്നും തനിക്ക് മാനഹാനി ഉണ്ടാക്കാനായി ആരോ മനഃപൂർവ്വം ചെയ്ത പ്രവൃത്തിയാണെന്നും സെക്രട്ടറി അറിയിച്ചു. മേൽ സംഭവത്തിനുശേഷം വനിതാ ജീവനക്കാർ പഞ്ചായത്ത് പ്രസിഡന്റിന് പരാതി നൽകുകയും പഞ്ചായത്ത് പ്രസിഡന്റ് സ്റ്റാഫ് മീറ്റിംഗ് വിളിക്കുകയും ഇനി മേലിൽ ഇങ്ങനെ ഉണ്ടാകരുതെന്ന് താക്കീത് ചെയ്യുകയും ചെയ്തുവെന്നും നേരിൽ കേട്ട വേളയിൽ ബോധിപ്പിക്കുകയുണ്ടായി. ജീവനക്കാർ, സെക്രട്ടറി അറിയാതെ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പരാതി നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ 05.03.2019-ൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നും നേരിട്ട് എത്തി സസ്പെൻഷൻ ഉത്തരവ് നൽകുകയും ചെയ്തുവെന്നും ഇപ്രകാരം സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുമ്പായി പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഇതു സംബന്ധിച്ച് യാതൊരു വിശദീകരണവും ചോദിച്ചില്ലെന്നും അറിയിച്ചിട്ടുണ്ട്. വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറിയെയും മുൻ സെക്രട്ടറിയെയും നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെക്കൂടി നേരിൽ കേൾക്കേണ്ടതാണെന്ന് ബോധ്യം വരുകയും അതിന്റെ അടിസ്ഥാനത്തിൽ 13.06.2019- ൽ പ്രസിഡന്റിനെക്കൂടി നേരിൽ കേൾക്കുകയുണ്ടായി. പഞ്ചായത്ത് ഓഫീസിലെ ഇതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതനുസരിച്ച് സെക്രട്ടറിയും രേഖകളുമായി നേരിൽ കേൾക്കുന്നതിന് ഹാജരായി. രേഖകൾ പരിശോധിച്ചതിലും പഞ്ചായത്ത് പ്രസിഡന്റിനെയും, പഞ്ചായത്തിലെ മുൻ സെക്രട്ടറിയെയും, പഞ്ചായത്തിലെ മുൻ അസിസ്റ്റന്റ് സെക്രട്ടറിയെയും നേരിൽ കേട്ടതിൽനിന്നും ചുവടെ പറയുന്ന കാര്യങ്ങൾ വെളിപ്പെടുകയുണ്ടായി.

1) അസിസ്റ്റന്റ് സെക്രട്ടറി വിവരാവകാശ നിയമപ്രകാരം പഞ്ചായത്തിൽ നിന്നും നേടിയ വിവരത്തിന്റെ പകർപ്പ് ലഭ്യമാക്കിയതിൽ 25.01.2019-ൽ വടകരപ്പതി ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ പ്രത്യേക യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വൈകുന്നേരം 4 മണിക്ക് പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ വച്ച് ചേർന്നതായും അതിൽ പഞ്ചായത്ത് പ്രസിഡന്റ് കോലണ്ടായ് തെരേസയും വൈസ് പ്രസിഡന്റ് ശ്രീ. അനിൽകുമാറും കൂടാതെ പഞ്ചായത്തിലെ ജീവനക്കാരും ഒപ്പു വച്ചിട്ടുമുണ്ട് എന്ന് കാണുന്നു. ഹാജർ രേഖപ്പെടുത്തിയതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. സന്തോഷ് ഒപ്പിനു ചുവട്ടിൽ 31.01.2019 എന്ന് തീയതി രേഖപ്പെടുത്തിയിരിക്കുന്നു. 25.01.2019-ന് ചേരുന്ന ഭരണസമിതി യോഗത്തിൽ അംഗങ്ങൾ പങ്കെടുത്തിട്ടില്ല. പഞ്ചായത്ത് ജീവനക്കാർ ഭരണ സമിതി യോഗത്തിൽ പങ്കെടുക്കേണ്ട ആവശ്യവുമില്ല, കൂടാതെ ഏതു യോഗമായാലും 25.01.2019-ന് നടക്കുമ്പോൾ 31.01.2019 തീയതി വച്ച് ഹാജർ രേഖപ്പെടുത്താനിടയില്ല. ഇക്കാര്യം സംബന്ധിച്ച് പഞ്ചായത്ത് പ്രസിഡന്റ് നൽകിയ വിശദീകരണത്തിൽ നിന്നും 31.01.2019-ന് രാവിലെ 11 മണിക്ക് ഭരണസമിതിയോഗം ചേർന്നതിന് തൊട്ട് മുമ്പായി സ്റ്റാഫ് മീറ്റിംഗ് വിളിച്ചുചേർത്തതാണെന്നും പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് തുടങ്ങുന്നതിന് മുമ്പായി സൂചിപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുകയും ഇനിമേലിൽ ഇത്തരം ഒരു പ്രവൃത്തി ആവർത്തിക്കരുതെന്ന് പ്രസിഡന്റ് താക്കീത് നൽകിയതായും അറിയിച്ചു പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗ് തുടങ്ങുന്നതിന് തൊട്ടുമുമ്പായിരുന്നതിനാൽ വിഷയമോ മറ്റു കാര്യങ്ങളോ രേഖപ്പെടുത്തുന്നതിന് മുമ്പായി എല്ലാ പേരുടേയും ഹാജർ രേഖപ്പെടുത്തിയതാണെന്നും ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സന്തോഷ് അറിയിച്ചു. ആ ഹാജർ രേഖപ്പെടുത്തിയതിലാണ് പിന്നീട് വിഷയം എഴുതി ചേർത്തതെന്നും ആരോപിച്ചു. മേൽ ആരോപണം 31.01.2019 തീയതി വച്ച് സെക്രട്ടറി ഹാജർ രേഖപ്പെടുത്തിയ പേജിൽ 25.01.2019 തീയതി വച്ച് തീരുമാനം രേഖപ്പെടുത്തിയതിൽ നിന്നും ശരിയാണെന്ന് വ്യക്തമാക്കുന്നു. കൂടാതെ പ്രസ്തുത തീയതിയിലെ തീരുമാനത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സ്വഭാവദൂഷ്യമായും ഈ കുറ്റം അസിസ്റ്റന്റ് സെക്രട്ടറി ചെയ്തതായും ആരോപിച്ചിരിക്കുന്നു. ശ്രീ. ടി.പി. വേണുഗോപാലിനെ സ്ഥലം മാറ്റുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകാനും, സെക്രട്ടറി സന്തോഷ് വനിതാ ജീവനക്കാരോടും NREGS കുടുംബശ്രീ എന്നീ ഓഫീസിലെ വനിതാജീവനക്കാരോടും അപമര്യാദയായി പെരുമാറിയതായി പ്രസിഡന്റിന് രേഖാമൂലം നൽകിയ പരാതി അന്വേഷിച്ചതിൽ വനിതാ ജീവനക്കാർക്ക് സ്വതന്ത്രമായും

സുരക്ഷിതമായും ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ സെക്രട്ടറി പ്രസ്തുത ഓഫീസിൽ തുടർന്നാൽ ഓഫീസിന്റെയും ഭരണസമിതിയുടെയും പ്രവർത്തനത്തെയും പ്രതിച്ഛായയെയും സാരമായി ബാധിക്കുമെന്നതിനാൽ ടിയാനെയും സ്ഥലം മാറ്റാൻ തീരുമാനം കൈക്കൊണ്ടിരിക്കുന്നു. പ്രസ്തുത യോഗം വൈകുന്നേരം 5.30-ന് അവസാനിച്ചതായി പഞ്ചായത്ത് പ്രസിഡന്റ് ഒപ്പുവെച്ചിരിക്കുന്നു. എന്നാൽ മീറ്റിംഗിലെ ഹാജർ പ്രകാരം മീറ്റിംഗിൽ പങ്കെടുക്കേണ്ടതായ സെക്രട്ടറിയും അസിസ്റ്റന്റ് സെക്രട്ടറിയും ഇപ്രകാരം ഒരു തീരുമാനം കൈക്കൊണ്ടതായി അറിഞ്ഞിട്ടില്ലെന്നും അറിയിച്ചു.

2) 06.02.2019 തീയതിയായി വടകരപ്പതി ഗ്രാമപഞ്ചായത്തിലെ ജീവനക്കാർ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചതായി കാണുന്ന പരാതി 15.02.2019-ൽ പ്രസ്തുത ആഫീസിൽ സ്വീകരിച്ചതായി രേഖകൾ പ്രകാരം കാണുന്നു. പ്രസ്തുത പരാതിയിലും ചേർന്നിട്ടില്ലാത്ത 25.01.2019 ലെ യോഗത്തെക്കുറിച്ചും പ്രസ്തുത യോഗത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശനനടപടികൾ സ്വീകരിക്കാമെന്ന് പ്രസിഡന്റ് ഉറപ്പ് നൽകിയിട്ടുണ്ടെന്നും ആവശ്യമായ നടപടികൾ സ്വികരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. എന്നാൽ 25.01.2019-ൽ കൂടിയതായി പറയുന്ന യോഗത്തിലെ തീരുമാനമായി രേഖപ്പെടുത്തിയിരിക്കുന്നത് രണ്ട് ഉദ്യോഗസ്ഥരെയും സ്ഥലം മാറ്റുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുന്നതിനാണെന്നിരിക്കെ 06.02.2019 ൽ തയ്യാറാക്കി 15.02.2019-ൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ അപ്രകാരമൊരു തീരുമാനത്തെക്കുറിച്ച് പരാമർശിക്കുന്നില്ല.

3) 28.01.2019 തീയതിയിൽ എ 1-612/19 നമ്പറായി പഞ്ചായത്ത് ജീവനക്കാർ പ്രസിഡന്റ്/ സെക്രട്ടറിക്ക് സമർപ്പിച്ച പരാതി പഞ്ചായത്ത് പ്രസിഡന്റിന് മീറ്റിംഗ് നടന്ന 31.01.2019-ന്റെ തലേദിവസം 30.01.2019 ന് പഞ്ചായത്ത് പ്രസിഡന്റിന്റെ Whatsapp-ലേക്ക് പഞ്ചായത്ത് സെക്രട്ടറി forward ചെയ്തതാണ് തനിക്ക് ലഭിച്ചത് എന്ന് പ്രസിഡന്റ് ഹിയറിംഗിൽ ബോധിപ്പിച്ചു. എന്നാൽ ഇതേ അപേക്ഷയിന്മേലാണ് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ 25.01.2019 ന് യോഗം ചേർന്നതായി രേഖയുണ്ടാക്കിയിരിക്കുന്നത് . കൂടാതെ എ 1-612/19 എന്ന തപാൽ സീനിയർ ക്ലാർക്ക് (A1) ശ്രീമതി. സുമയുടെ സീറ്റിലാണ് കൈകാര്യം ചെയ്യേണ്ടത്. എന്നാൽ 28.01.2019 രേഖപ്പെടുത്തിയ അപേക്ഷ സെക്രട്ടറിയുടെ മേശയിൽനിന്നും നഷ്ടപ്പെട്ടതായി ആരോപിച്ചിരിക്കുന്നു. സെക്രട്ടറി നഷ്ടപ്പെടുത്തിയതായി ആരോപിക്കുന്ന തപാൽ പഞ്ചായത്ത് സെക്രട്ടറി 30.01.2019-ന് പഞ്ചായത്ത് പ്രസിഡന്റിന് അയച്ചുകൊടുക്കേണ്ടതില്ല. ഇതിൽനിന്നും എ 1-612/19 നമ്പരിൽ ഉള്ള 28.01.2019 ലെ പരാതിയുടെ അടിസ്ഥാനത്തിൽ 25.01.2019 ൽ തീരുമാനം കൈക്കൊള്ളാനാകാത്തതിനാൽ ബോധപൂർവ്വം ആരോ മാറ്റിയതാണെന്ന് സംശയിക്കേണ്ടതായിരിക്കുന്നു.

4 ) 25.01.2019-ലെ മിനിട്ട്സ് രേഖപ്പെടുത്തിയ മിനിട്ട്സ് ബുക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട പ്രകാരം നിലവിലെ സെക്രട്ടറി ഹാജരാക്കിയ മിനിട്ട്സ് ബുക്ക് പുതിയതായി എടുത്ത ഒരു ബുക്കിലെ ആദ്യ മിനിട്ട്സായി രേഖപ്പെടുത്തിയിരിക്കുന്നു. അതിനുള്ള കാരണം ആരാഞ്ഞതിൽ ഇത് പഞ്ചായത്തിന് അപകീർത്തിയുണ്ടാക്കുന്ന കാര്യമായതിനാലാണ് മറ്റു തീരുമാനത്തിന്റെ കൂടെ ഇത് രേഖപ്പെടുത്താതിരുന്നത് എന്ന് പ്രസിഡന്റ് അറിയിച്ചു.

5 ) പഞ്ചായത്ത് ഡയറക്ടറേറ്റിലെ PAN/2420/2019 നമ്പർ ഫയൽ പരിശോധിച്ചതിൽ 15.02.2019 ൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച ഇ -2472/2019 നമ്പർ കത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ 15.02.2019 ലെ പരാതി സൂചനയിൽ കാണിച്ച് വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയെയും അസിസ്റ്റന്റ് സെക്രട്ടറിയെയും കുറിച്ച് വടകരപ്പതി ഗ്രാമപഞ്ചായത്തിലെ വനിതാ ജീവനക്കാർ നേരിൽ ഹാജരായി രേഖാമൂലം സമർപ്പിച്ച പരാതി

ആയതിനാലും വനിതകളുടെ അന്തസ്സിനെ ബാധിക്കുന്ന ഗുരുതരമായ ആരോപണങ്ങൾ നേരിട്ട് ബോധിപ്പിച്ച സാഹചര്യത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിക്കും അസിസ്റ്റന്റ് സെക്രട്ടറിക്കുമെതിരെ അടിയന്തിര അച്ചടക്ക നടപടിക്ക് ശുപാർശ ചെയ്ത് സമർപ്പിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ 15.02.2019 ൽ സമർപ്പിച്ച പരാതിയിൽ യാതൊരു വിധ പ്രാഥമിക അന്വേഷണവും നടത്താതെയാണ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ശുപാർശ കത്തിന്റെ മാർജിനിൽ 16.02.2019 തീയതിയായി 25.01.2019-ലെ പഞ്ചായത്ത് തീരുമാനത്തിൽ ശുപാർശ ചെയ്തപ്രകാരം Transfer both the Officers to outside the district (Kozhikode /Wayanad) എന്ന് പഞ്ചായത്ത് ഡയറക്ടർ മിനിട്ട്സ് ചെയ്തിട്ടുണ്ട്. എന്നാൽ പരാമർശം (2) ഉത്തരവിൽ മേൽ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് ഫയലിലെ നോട്ട് ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് തന്നോട് വ്യക്തിവിദ്വേഷമുണ്ടെന്ന് അസിസ്റ്റന്റ് സെക്രട്ടറി ആരോപിക്കുന്നു.

6) ഹിയറിംഗ് വേളയിൽ ഏറ്റവും ഗുരുതരമായ ഒരു വിഷയം വ്യക്തമായി. പഞ്ചായത്ത് പ്രസിഡന്റ് തമിഴ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടയാളാണ്. ടിയാൾക്ക് മലയാളപരിജ്ഞാനമില്ല. ആയതിനാൽ ജീവനക്കാർ എഴുതി നൽകുന്ന എല്ലാ കത്തുകളിലും പഞ്ചായത്ത് പ്രസിഡന്റ് ഒപ്പ് വയ്ക്കുന്നു. പഞ്ചായത്ത് പ്രസിഡന്റിന്റേതായി 25.01.2019-ൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ച കത്തിലെ ഭാഗങ്ങൾ ഹിയറിംഗ് വേളയിൽ വായിച്ച അവസരത്തിൽ പല കാര്യങ്ങളും പഞ്ചായത്ത് പ്രസിഡന്റ് നിഷേധിക്കുകയുണ്ടായി. പഞ്ചായത്ത് പ്രസിഡന്റ് 01.02.2019-ൽ പഞ്ചായത്ത് ഡയറക്ടർക്ക് അയച്ച കത്തിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ വായിച്ചു കേൾപ്പിച്ചതിലും പല കാര്യങ്ങളിലും പഞ്ചായത്ത് പ്രസിഡന്റിന് ബോധ്യം വന്ന കാര്യങ്ങളല്ലെന്ന് മനസ്സിലായി. ഇക്കാര്യം പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ശ്രീ. പ്രഫുല്ല ചന്ദ്രന്റെ സാന്നിദ്ധ്യത്തിൽ പഞ്ചായത്ത് പ്രസിഡന്റ് സമ്മതിച്ചിട്ടുള്ളതാണ്. ജീവനക്കാർ എഴുതി തരുന്ന കത്തുകളിൽ താൻ ഒപ്പ് വയ്ക്കുകയാണ് ചെയ്യുന്നതെന്ന് പ്രസിഡന്റ് തുറന്ന് സമ്മതിച്ചിട്ടുള്ളതാണ്. ഇതിൽ നിന്നും പഞ്ചായത്ത് പ്രസിഡന്റിന്റെ ആഫീസിലെ എതൊക്കെയോ ജീവനക്കാർ സ്വാർത്ഥ താൽപ്പര്യത്തിനായി പഞ്ചായത്ത് പ്രസിഡന്റിനെ സമർത്ഥമായി ഉപയോഗപ്പെടുത്തുന്നതായി മനസ്സിലാക്കാവുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഫീസിൽ വനിതാ ജീവനക്കാർ സ്ഥിരമായി വൈകി വന്നതിനാൽ അത് നിയന്ത്രിക്കുന്നതിനായി, സെക്രട്ടറിയുടെ മുമ്പിലെത്തി ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തണമെന്ന സെക്രട്ടറിയുടെ നിർദ്ദേശം പലർക്കും അസ്വസ്ഥതയുണ്ടാക്കി എന്ന വാദം കഴമ്പുള്ളതാണെന്നു കാണുന്നു. കൂടാതെ ജോലിസ്ഥലത്തെ ലൈംഗിക ചൂഷണത്തിനെതിരെ പരാതി സമർപ്പിക്കുന്നതിനുള്ള കമ്മിറ്റി പഞ്ചായത്ത് ഓഫീസിൽ രൂപീകരിച്ചിട്ടുമില്ല. ഫയൽ കാണാതായതു സംബന്ധിച്ചും പഞ്ചായത്ത് സെക്രട്ടറിയുടെ റൂമിൽ വച്ചിട്ടുള്ള അക്കൗണ്ടന്റ് ഉപയോഗിക്കുന്ന അലമാരയിൽ ഗർഭനിരോധന ഉറ കണ്ടതു സംബന്ധിച്ചും കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടുമില്ല. 25.01.2019-ൽ ചേരാത്ത യോഗത്തിന് മിനിട്ട്സ് തയ്യാറാക്കി അത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കുകയും, ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഹാജരായി തെറ്റായി തയ്യാറാക്കിയ തീരുമാനം സഹിതം പരാതി സമർപ്പിച്ച് അച്ചടക്ക നടപടിയ്ക്ക് തുടക്കം കുറിക്കുകയുംകുറ്റാരോപിതരെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തു. വസ്തുതകൾ ചൂണ്ടിക്കാട്ടുന്നത് ഇതിന്റെ പിന്നിൽ ഗൂഢാലോചന നടന്നിട്ടുണ്ട് എന്നതാണ്. സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാർ ഓഫീസിലെ രേഖകൾ നശിപ്പിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. മേൽ സാഹചര്യത്തിൽ വടകരപ്പതി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സന്തോഷ് കെ., മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. ടി.പി. വേണുഗോപാൽ എന്നിവരുടെ സസ്പെൻഷൻ പിൻവലിച്ച് അച്ചടക്ക നടപടിക്കു വിധേയമായി അടിയന്തരമായി സേവനത്തിൽ പുനഃപ്രവേശിപ്പിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക്

നിർദ്ദേശം നൽകിയും കൂടാതെ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തെക്കൊണ്ട് പരിശോധന നടത്തി പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കുന്നതിന് തീരുമാനം കൈക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജുകുട്ടന്.എം.എസ്**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. സന്തോഷ് കെ., മുൻ സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. ശ്രീ. ടി.പി. വേണുഗോപാൽ, മുൻ അസിസ്റ്റന്റ് സെക്രട്ടറി, വടകരപ്പതി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/62/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ